**ഭരണഭാഷ മാതൃഭാഷ**

**നമ്പർ.സി.പി(2)859/2021**

**സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**
**തിരുവനന്തപുരം, തീയതി: 11/02/2021**
**Website: www.cooperationkerala.gov.in**
**Email keralarcs@gmail.com**
**Phone no: 0471-2556690.**

**സർക്കുലർ നമ്പർ 10/2021**

വിഷയം: സഹകരണ വകുപ്പ്- പ്രാഥമിക വായ്പാ സഹകരണ ബാങ്ക്/ സംഘങ്ങളിലെ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ/ പുനർനിർമ്മാണ വായ്പ, വാഹന വായ്പ, ഓവർ ഡ്രാഫ്റ്റ് വായ്പ എന്നിവയുടെ പരിധി, കാലാവധി ഉയർത്തുന്നത്, പലിശ നിരക്ക് എന്നിവ-സംബന്ധിച്ച്.

സൂചന: (1) സഹകരണ സംഘം രജിസ്ട്രാറുടെ 04/05/2018 തീയതിയിലെ 25/2018 നമ്പർ സർക്കുലർ.
(2) സഹകരണ സംഘം രജിസ്ട്രാറുടെ 16/06/2011 തീയതിയിലെ 42/2011 നമ്പർ സർക്കുലർ.
(3) സർക്കാറിന്റെ 25/11/2010 തീയതിയിലെ സ.ഉ(സാധാ) 740/10/ സഹ നമ്പർ ഉത്തരവ്.
(4) സർക്കാറിന്റെ 21/01/2019 തീയതിയിലെ സി2/96/2018/സഹ നമ്പർ കത്ത്.
(5) ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/12/2020 ന് സഹകരണ ബാങ്ക് /സംഘം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി നടന്ന ചർച്ചയിലെ തീരുമാനം.

**********

പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വായ്പാ ആവശ്യത്തിലെ വർദ്ധനയും കെട്ടിട നിർമ്മാണ ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് ജീവനക്കാർക്കുള്ള ഭവനവായ്പാ പരിധിയും ഓവർഡ്രാഫ്റ്റ് പരിധിയും, വാഹന വായ്പാ പരിധിയും കാലികമായി ഉയർത്തണമെന്ന സൂചന(5) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സഹകരണ സംഘം ജീവനക്കാരുടെ ഭവനവായ്പയുടെ പരിധി 20 ലക്ഷത്തിൽ നിന്നും ബാങ്കിന്റെ/സംഘത്തിന്റെ സ്വന്തം ഫണ്ടിന്റെ 25% എന്ന പരിധിയ്ക്ക് വിധേയമായി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 30 ലക്ഷം രൂപയോ

ഏതാണോ കുറവ് പ്രസ്തുത തുകയായി വർദ്ധിപ്പിച്ച് അംഗീകാരം നൽകുന്നു. പ്രസ്തുത ഭവന വായ്പയുടെ കാലാവധി പരമാവധി 20 വർഷമായി വർദ്ധിപ്പിച്ച് കൊണ്ട് കാലാവധി ഉയർത്തുന്നതിനായി സ്ഥാപനങ്ങൾ സർക്കാറിൽ നിന്നും ബന്ധപ്പെട്ട അനുമതി വാങ്ങണമെന്ന വ്യവസ്ഥയിൽമേൽ അനുമതി നൽകുന്നു. ഭവന നിർമ്മാണ വായ്പയുടെ പലിശ നിരക്ക് വായ്പ എടുക്കുന്ന കാലയളവിൽ സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ പലിശ നിരക്ക് ആയിരിക്കുന്നതാണ്.

2) സഹകരണ സംഘം ജീവനക്കാരുടെ ഓവർഡ്രാഫ്റ്റ് പരിധി 3 ലക്ഷത്തിൽ നിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് കൊണ്ടും ടി ഓവർഡ്രാഫ്റ്റിന്റെ പലിശ നിരക്ക് ഓവർഡ്രാഫ്റ്റ് എടുക്കുന്ന കാലയളവിൽ സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ പലിശ നിരക്ക് ആയിരിക്കണം എന്ന് നിശ്ചയിച്ചു കൊണ്ടും അംഗീകാരം നൽകുന്നു.

3) സൂചന (4) സർക്കാർ നിർദ്ദേശം പ്രകാരം സഹകരണ സംഘം ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ നിബന്ധനകളിൽ ഗൃഹ പുനർനിർമ്മാണം/പരിവർത്തനം എന്നിവയ്ക്ക് വായ്പ അനുവദിക്കത്തക്ക വിധത്തിൽ നിബന്ധനകളിൽ മാറ്റം വരുത്തുവാൻ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ സംഘം ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പാ നിബന്ധനകളിൽ ഗൃഹ പുനർനിർമ്മാണം/ പരിവർത്തനം എന്നിവ കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ഭവന പുനർനിർമ്മാണം/ പരിവർത്തനം എന്നിവയ്ക്കായി പരമാവധി 5 ലക്ഷം രൂപ വായ്പ അനുവദിക്കുന്നതിന് അംഗീകാരം നൽകുന്നു. ബാങ്കിലെ /സംഘത്തിലെ അംഗങ്ങൾക്ക് നൽകുന്ന ഭവന പുനർനിർമ്മാണ /പരിവർത്തന വായ്പയുടെ കാലാവധി തന്നെയായിരിക്കണം ജീവനക്കാരുടെ ഭവന പുനർ നിർമ്മാണ/പരിവർത്തന വായ്പയ്ക്കും നൽകേണ്ടത്. ഭവന പുനർ നിർമ്മാണം/പരിവർത്തന വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക് പ്രസ്തുത വായ്പ എടുക്കുന്ന കാലയളവിൽ സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ പലിശ നിരക്ക് ആയിരിക്കും.

4) സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനകാർക്ക് സ്വന്തം ഫണ്ടിന്റെ 15%-ൽ അധികരിക്കാത്ത തുക സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദത്തോടെ കാർഷികേതര വായ്പകൾക്ക് അംഗങ്ങളിൽ നിന്നും ഈടാക്കുന്ന പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെ വാഹന വായ്പ

അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. നിലവിൽ പ്രസ്തുത വാഹന വായ്പയുടെ പരിധി ഉയർത്തുന്നതിന് സൂചന(5) പ്രകാരം തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ സഹകരണ സംഘം ജീവനക്കാരുടെ വാഹന വായ്പയുടെ പരിധി 5 ലക്ഷം രൂപയിൽ നിന്നും 7 ലക്ഷം രൂപയായി ഉയർത്തുന്നതിന് അനുമതി നൽകുന്നു. ആയതിന്റെ പലിശ നിരക്ക് പ്രസ്തുത വായ്പ എടുക്കുന്ന കാലയളവിൽ സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ പലിശ നിരക്കിനേക്കാൾ രണ്ടു ശതമാനം കൂട്ടി കണക്കാക്കി ആയിരിക്കണം. ഈ വായ്പയുടെ കാലാവധി പരമാവധി 7 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു.

പ്രാഥമിക സഹകരണ ബാങ്ക് /സംഘം ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ, ഭവന പുനനിർമ്മാണം/പരിവർത്തനം വായ്പ, വാഹന വായ്പ, ഓവർ ഡ്രാഫ്റ്റ് വായ്പ എന്നിവ അനുവദിക്കുന്നതിന് ആവശ്യമായ ഉപനിബന്ധന തയ്യാറാക്കി/ നിലവിലുള്ള ഉപനിബന്ധനകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അതാത് ജോയിൻറ് രജിസ്ട്രാർമാരുടെ അംഗീകാരത്തോട് കൂടി നടപ്പിൽ വരുത്തേണ്ടതാണ്. മേൽ പ്രകാരമുള്ള മാറ്റങ്ങൾ ഒഴികെ മറ്റെല്ലാ നിബന്ധനകളും നിലവിലുള്ള സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം തുടരുന്നതാണ്.

(ഒപ്പ്)
ജെറോമിക് ജോർജ് ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:-1. ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ പ്രാഥമിക വായ്പാ സഹകരണ ബാങ്കുകൾക്കും/ സംഘങ്ങൾക്കും.
3. എല്ലാ ജോയിൻറ് രജിസ്ട്രാർമാർക്കും.
4. എല്ലാ ജോയിൻറ് ഡയറക്ടർമാർക്കും.
5. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ/അസിസ്റ്റൻറ് ഡയറക്ടർമാർക്കും.
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
7. എഡിറ്റർ, സഹകരണ വീഥി.
8. വെബ്ബ് സൈറ്റ്.
9. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
10. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം //

അസിസ്റ്റൻറ് രജിസ്ട്രാർ(സി.പി)